പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3760 11.12.2018-ലെ മറുപടിക്ക്

# വയനാട് ജില്ലയിൽ ഗ്രാമീണ സർവ്വീസുകൾ

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് ലാഭകരമായേക്കാവുന്ന ഗ്രാമീണ സർവ്വീസുകൾ കൂട്ടുതലായി ആരംഭിക്കുന്നതിനും നിലവിലുള്ള റൂട്ടുകളിൽ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി കെ.എസ്.ആർ .ടി. സി. മിനി ബസ്സുകൾ കൂട്ടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കൽപ്പറ്റ യൂണിറ്റിൽ ഓർഡിനറി സർവ്വീസുകളാണ് നിലവിലുള്ളത്. വയനാട്ടിലെ ഗ്രാമീണ മേഖലകളിലേയ്ക്ക് പ്രസ്തുത യൂണിറ്റിൽ നിന്നും ധാരാളം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി നിലവിൽ വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ആയതിനാൽ പുതിയതായി മിനി ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |
| (ബി) | പ്രൈവറ്റ് ബസുകൾ കൂടുതലായി സർവ്വീസ് നടത്തുന്ന കൽപ്പറ്റ-പടിഞ്ഞാറത്തറ- മാനന്തവാടി റൂട്ടിലും മേപ്പാടി- ചുണ്ടേൽ റൂട്ടിലും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കൽപ്പറ്റ-പടിഞ്ഞാറത്തറ റൂട്ടിൽ 05.15, 06.00, 06.45, 07.00, 08.00, 10.40, 13.15, 13.25, 14.45, 15.25, 16.00, 16.50, 19.05, 19.30, 20.15, 20.45, 21.15, 22.20 എന്നീ സമയങ്ങളിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ട്.<br>ജനസാന്ദ്രത കുറഞ്ഞ മേപ്പാടി-ചുണ്ടേൽ റൂട്ടിൽ ലാഭകരമായി സർവ്വീസ് നടത്താൻ പറ്റാത്തതിനാൽ കെ.എസ്.ആർ.ടി.സി ഈ റൂട്ടിൽ ഷട്ടിൽ സർവ്വീസുകൾ ഇപ്പോൾ നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ